(സി) 31-3-2000-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ ബസ് തൊഴിലാളി അനുപാതം (താൽക്കാലിക ജീവനക്കാരുൾപ്പടെ) 1:7.5 ആകുന്നു.

സഹകരണ ബാങ്കുകളിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് ലഭിച്ച ധനസഹായം

59(1026)ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണബാങ്കുകളുടെ സഹായത്തോടെ ബസ്സുകൾ വാങ്ങുന്ന ഒരു പുതിയപദ്ധതി കെ.എസ്.ആർ.ടി.സി. ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം എത്ര ബസ്സുകൾ ഇതിനകം നിരത്തിലിറങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം ജില്ലകളിലാണ് ഇത്തരം ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലാ സഹകരണ ബാങ്കിന്റെ വായ്പയിൻന്മേൽ 30 ബസ്സുകളും, മീനച്ചൽ ഈസ്റ്റ് അർബൻ സഹകരണ ബാങ്കിന്റെ വായ്പയിന്മേൽ 5 ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്.

(ഡി) പാലക്കാട് ജില്ലാ സഹകരണ ബാങ്കിന്റെ സഹായത്തോടെ വാങ്ങിയ ബസ്സുകൾ പാലക്കാട് ജില്ലയിലെ ഡിപ്പോയിൽ നിന്നും മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണബാങ്കിന്റെ സഹായത്തോടെ വാങ്ങിയ ബസ്സുകൾ ഈരാറ്റുപേട്ട ഡിപ്പോയിൽ നിന്നും സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ നിയമങ്ങൾ ലംഘിക്കുന്നതായ പരാതി

60(1028)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് ഡ്രൈവർമാർ ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നതായ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ട്രാഫിക് നിയമങ്ങൾ ലംഘിച്ചതിന്റെ പേരിൽ എത്ര ഡ്രൈവർമാരുടെ പേരിൽ പോലീസ് കേസ് എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്ന ഡ്രൈവർമാരുടെ മേൽ കർശന ശിക്ഷാ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്ന ഡ്രൈവർമാരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly